ലോക മലയാള സമ്മേളനം

* 22 [22] ശ്രീ. കെ. ടി. കണാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, സി. ടി. കൃഷ്ണൻ :
,, എ. കെ. പത്മനാഭൻ :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ബർലിനിൽവച്ച് നടന്ന ലോക മലയാള സമ്മേളനത്തിനുവേണ്ടി എത്ര പ്രതിനിധികളെ തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട് ;

(ബി) പ്രതിനിധികളെ തെരഞ്ഞെടുത്തതിലുള്ള പൊതു മാനദണ്ഡം എന്തായിരുന്നു ;

(സി) ഇതിലേക്കുവേണ്ടി മൊത്തം ചെലവായ സംഖ്യ എത്ര ;

(ഡി) സംസ്ഥാനഖജനാവിൽ നിന്നും ചെലവായ സംഖ്യ എത്ര ;

(ഇ) സമ്മേളനത്തിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുത്തതിനെക്കുറിച്ച് പരക്കെ ആക്ഷേപം ഉണ്ടായിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ;

(ജി) ബർലിനിൽ ഈ മാസം നടത്തിയ ലോക മലയാള സമ്മേളനം ആരാണ് സംഘടിപ്പിച്ചത് ;

(എച്ച്) ബർലിനിൽവച്ചു നടന്ന ലോക മലയാള സമ്മേളനത്തിൻെറ പ്രധാന ശുപാർശകളും എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഈ സമ്മേളനംകൊണ്ട് മലയാള ഭാഷയ്ക്ക് ഉണ്ടായ ഉയർച്ചയും നേട്ടവും എന്തെല്ലാമാണ് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സമ്മേളനത്തിൽ പങ്കെടുക്കാൻ ഗവൺമെൻറ് പത്ത് അനുദ്യോഗസ്ഥരെ തെരഞ്ഞെടുത്ത് അയച്ചിട്ടുണ്ട്.

(ബി) പൊതുരംഗത്തും, സാമൂഹ്യരംഗത്തും പ്രശസ്തരായവരെ തെരഞ്ഞെടുക്കുക എന്നതായിരുന്നു.

(സി) ഗവൺമെൻറ് തെരഞ്ഞെടുത്ത് അയച്ച പത്തുപേരുടെ യാത്രാനത്തിൽ വിമാനകൂലി മാത്രം ചെലവാക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 1,91,300 രൂപ ചെലവായിട്ടുണ്ട്.

(ഡി) ഇതുവരെ 2,80,032 രൂപ.

(ഇ) ചിലർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.

(എഫ്) നടപടി ആവശ്യമുള്ളതായി തോന്നുന്നില്ല.

(ജി) പശ്ചിമ ജർമ്മനിയിലെ കേരള അസോസിയേഷനുകളുടെ കേന്ദ്ര സമിതി.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പ്രധാന ശുപാർശകളും താഴെ പറയുന്നവയാണ് :

(1) മലയാള ഭാഷയും സംസ്കാരവും വിദേശങ്ങളിൽ പ്രചരിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

(2) മലയാളഭാഷയ്ക്കുവേണ്ടി വിദേശ യൂണിവേഴ്സിറ്റികളിൽ പ്രത്യേക ചെയർ ഏർപ്പെടുത്തുക.

(3) മലയാളത്തിലെ മികച്ച സാഹിത്യകൃതികളും വിദേശ ഭാഷകളിലേക്കും വിദേശഭാഷകളിലെ മലയാള കൃതികളും മലയാളത്തിലേക്കും ഭാഷാന്തരപ്പെടുത്താനുള്ള ഏർപ്പാടുണ്ടാക്കുക.

(4) ജർമ്മൻ ഭാഷയിലുള്ള ഗുണ്ടർട്ടിന്റെ ഡയറി മലയാളത്തിൽ പ്രസിദ്ധീകരിക്കുക. (ഇതിന്റെ മൂന്നാം വാല്യം കേരളത്തെപ്പറ്റി ആണ്).

(ഐ) (1) മലയാള ഭാഷയുടെ പ്രാധാന്യം ഉയർത്തിക്കാട്ടാൻ സാധിച്ചു.

(2) വിദേശ സർവ്വകലാശാലകളിൽ മലയാളത്തിന് പ്രത്യേക ചെയറുകളും ഉണ്ടാക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കംകുറിച്ചു.

(3) വിദേശ മലയാളികളുടെ സാഹിത്യപ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പ്രോൽസാഹനവും നൽകാൻ സാധിച്ചു.

(4) മൂന്നു വാല്യങ്ങളിലായി ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണ്ടർട്ടിന്റെ ഡയറിയിൽ മൂന്നാം വാല്യം മലയാള ഭാഷയേയും കേരളത്തേയും സംബന്ധിച്ചുള്ളതാണ്. മൂന്നു വാല്യങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

(5) മലയാളത്തിലെ അപൂർവ്വ ഗ്രന്ഥശേഖരം ജർമ്മനിയിലെ ലൂവിംഗ് സർവകലാശാലയിൽ നിന്നും കണ്ടെടുത്തു.

ശ്രീ കെ. ടി. കണാരൻ : ബർലിൻ സമ്മേളനത്തിൽ പങ്കെടുക്കാൻ ഗവൺമെന്റ് 10 പേരെ തെരഞ്ഞെടുത്തുവെന്നു പറഞ്ഞു. മലയാള ഭാഷയ്ക്ക് ഒട്ടേറെ വളർച്ചയും നേട്ടവുമുണ്ടാക്കാൻ ശ്രമിച്ചിട്ടുള്ള ഭാഷാപണ്ഡിതന്മാരിലും സാഹിത്യനായകന്മാരിലുമുള്ള എത്രപേരെ ഗവൺമെന്റ് തെരഞ്ഞെടുത്ത പത്തുപേരിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ? അങ്ങനെ ഉൾപ്പെടുത്തിയിട്ടുള്ളവരുടെ പേരു വിവരം വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ നീന്നും ശ്രീ. ജി. കാർത്തികേയൻ, ശ്രീ. വി. സി. കബീർ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ശ്രീ. ടി. എസ്. ജോൺ, ശ്രീ. സി. എഫ് തോമസ്, ശ്രീ. രാമചന്ദ്രൻ പിള്ള, ശ്രീ. എം. എ. ഷാനവാസ്, പ്രൊഫ. കെ. എം. തരകൻ, ശ്രീ. എം. കെ. രാഘവൻ എന്നിവരെയാണ് അയച്ചത്. ഇതിനകത്ത് സാഹിത്യകാരന്മാരെ അല്ല തെരഞ്ഞെടുത്തത്. അത് ഞാൻ ആദ്യം പറഞ്ഞു. പൊതുരംഗത്തും സാമൂഹ്യരംഗത്തും പ്രശസ്തമായ സേവനം നടത്തുന്ന ആളുകളെയാണ് ഗവൺമെന്റ് അതിനുവേണ്ടി തെരഞ്ഞെടുത്ത് അയച്ചത്. ഈ സമ്മേളനത്തിൽ കേരളത്തിലെ തകഴി ഉൾപ്പെടെയുള്ള 14-ഓളം സാഹിത്യ നായകൻമാർ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനുപുറത്തു നടന്ന വാഷിംഗ്ടൺ സമ്മേളനത്തിൽ 3 സാഹിത്യ നായകന്മാർ മാത്രം പങ്കെടുത്തപ്പോൾ ജർമ്മനിയിൽ നടന്ന ലോക മലയാള സമ്മേളനത്തിൽ കേരളത്തിലെ തലയെടുപ്പുള്ള 14-ഓളം സാഹിത്യ നായകന്മാർ പങ്കെടുത്തിട്ടുണ്ടെന്നുള്ളത്. അഭിമാനകരമായ ഒരു കാര്യമാണ്.

ശ്രീ. കെ. ടി. കണാരൻ : സർ, മലയാള ഭാഷയുടെ അഭിവൃദ്ധിക്ക് സഹായകരമായ തരത്തിൽ ലോക മലയാള സമ്മേളനത്തിൽ പങ്കെടുക്കാൻ ലോക

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളായി അയച്ചവരുടെ പേരുകൾ ഇവിടെ പറഞ്ഞു. കോതമംഗലം പഞ്ചായത്തിൽ നിന്ന് തന്നെ മന്ത്രിക്ക് വേണ്ടപ്പെട്ട 11 ആളുകളെ ഈ സമ്മേളനത്തിലേക്ക് അയച്ചിട്ടുണ്ടെന്ന് ഒരു പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ പഞ്ചായത്തിൽ നിന്ന് അങ്ങനെ പങ്കെടുത്തിട്ടുള്ള ആ 11 ആളുകളുടെ പേര് വിവരം ഒന്നു പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : അത് അടിസ്ഥാനരഹിതമായ ആക്ഷേപമാണ്. പത്രത്തിൽ വരുന്നതിനെല്ലാം മറുപടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനല്ല.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ലോക മലയാള സമ്മേളനത്തിന്റെ ഉദ്ദേശം വിദേശ രാജ്യത്ത് ഈ ഭാഷ പ്രചരിപ്പിക്കുക എന്നുള്ളതാണ്. എന്നാൽ ഈ ലോക മലയാള സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ആ രാജ്യത്ത് വേണ്ടത്ര പ്രചാരവേല ഉണ്ടായിട്ടില്ല എന്നാണ് പങ്കെടുത്ത ആളുകൾ തന്നെ പറഞ്ഞത്. 40 മലയാളി കുടുംബങ്ങൾ മാത്രമാണ് ആകെ ബർലിനിൽ ഉണ്ടായിരുന്നത്. അവരും രണ്ടു ഗ്രൂപ്പുകൾ ആയിരുന്നു. അത് കേരളാ കോൺഗ്രസിന്റെ മാണി ഗ്രൂപ്പ്, ജോസഫ് ഗ്രൂപ്പ് എന്നു പറയുന്നതുപോലെ അവിടെയും ഗ്രൂപ്പ് പ്രവർത്തനം ഉണ്ടായിരുന്നോ? ഈ അസോസിയേഷൻ ഇതിനെപ്പറ്റി വല്ല ആക്ഷേപവും ബഹുമാനപ്പെട്ട മന്ത്രിക്കോ അല്ലെങ്കിൽ ഉത്തരവാദപ്പെട്ട ആളുകൾക്കോ നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അവിടെ പോയത് ഗ്രൂപ്പുണ്ടാക്കാനും ഗ്രൂപ്പ് പ്രവർത്തനത്തിനുമല്ല. നിങ്ങളൊക്കെ പോകുമ്പോഴാണ് അങ്ങനെയൊക്കെ ചെയ്യാറ് പതിവ്. ഞങ്ങൾ പോകുമ്പോൾ അത് ചെയ്യാറില്ല. പക്ഷേ ബർലിന്റെ പ്രാധാന്യം എന്നു പറയുന്നത് ഡോ. ഹെർമൻ ഗുണ്ടർട്ടും അർണോസ് പാതിരിയും ജനിച്ച നാടാണ് ജർമ്മനി എന്നുള്ളതാണ്. ഈ രണ്ട് ആളുകളും മലയാള ഭാഷയ്ക്ക് നൂറ്റാണ്ടുകൾക്കു മുൻപ് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. അവരുടെ സംഭാവനകൾ മലയാള ഭാഷയേയും മലയാള സാഹിത്യത്തേയും പ്രോൽസാഹിപ്പിച്ചിട്ടുണ്ട് എന്ന് മലയാള ഭാഷയുമായി ബന്ധമുള്ള, മലയാളത്തെ സ്നേഹിക്കുന്ന മുഴുവൻ ജനങ്ങൾക്കും അറിയാവുന്ന ഒരു സത്യമാണ്. അതുകൊണ്ടാണ് ബർലിനിൽവച്ച് നടത്താൻ തീരുമാനം എടുത്തത്.

ശ്രീ. സി. ടി. കൃഷ്ണൻ : ഭരണകക്ഷിയിൽപ്പെട്ട പല പ്രമുഖരായ പൊതുപ്രവർത്തകൻമാരുടെയും പേര് ആദ്യം ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. അവസാനം അത് അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റെയുമൊക്കെ സ്ഥിതിയിലേക്ക നീങ്ങുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് ശ്രീ. ഉമ്മൻചാണ്ടിയുൾപ്പെടെയുള്ള നിരവധി ആളുകൾ ഈ സമ്മേളനം ബഹിഷ്ക്കരിച്ചതായി അറിയാമോ ? അതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. ഉമ്മൻചാണ്ടി ബഹിഷ്ക്കരിച്ചതൊന്നുമല്ല. മറ്റെന്തോ അസൗകര്യമുള്ളതുകൊണ്ട് വരാതിരുന്നതാണ്. ഇന്നദിവസം ഇന്ന ആളുകൾ പോകുമെന്ന് ഒരു പത്രം എഴുതും. പിറ്റേ ദിവസം ആ പത്രം തന്നെ എഴുതും ഇപ്പോൾ ആ ആള് പോകുന്നില്ല എന്ന്. ആളുകളെ അയയ്ക്കുന്നതും ആ പത്രം തന്നെ അയയ്ക്കാതെയിരിക്കുന്നതും ആ പത്രംതന്നെ പത്രങ്ങളിൽ വരുന്ന വാർത്തകൾക്കൊന്നും മറുപടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനല്ല.

ശ്രീ. എ. കെ. പത്മനാഭൻ : ഈ ലോക മലയാളസമ്മേളനത്തിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ ചില ആളുകൾ ഈ സമ്മേളന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പങ്കെടുക്കുന്നില്ല എന്ന് അറിയിച്ചിരുന്നു. എന്തുകൊണ്ടാണ് അവർ സമ്മേളനത്തിൽ പങ്കെടുക്കുന്നില്ലായെന്ന് ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങളം ആദ്യം കൊണ്ടുപോകാൻ തീരുമാനിച്ചിരുന്നതിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒ. ഭരതൻറെ പേര് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അയച്ചു തന്നിരുന്നു. മദ്രാസിൽ അയച്ച് വിസ വാങ്ങിയതിനുശേഷം പാസ്പോർട്ട് ഇവിടെ കൊണ്ടുവന്നിരുന്നപ്പോഴം ആ പാസ്പോർട്ട് തിരികെ വാങ്ങിക്കൊണ്ടു പോയതല്ലാതെ എന്തുകൊണ്ടാണ് അദ്ദേഹം പിൻവാങ്ങിയതെന്ന് ഗവൺമെൻറിനെ അറിയിച്ചിരുന്നില്ല.

ശ്രീ. എ. കെ. പത്മനാഭൻ : സമ്മേളന പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട ആളുകളം പൊതുവേ മലയാള ഭാഷയിൽ ഏതെങ്കിലും രംഗത്ത് പ്രാഗൽഭ്യം നേടിയ ആളുകളായിരിക്കണം. കാരണം ലോക മലയാള സമ്മേളനമാണല്ലോ അവിടെ നടന്നത്. ഇവിടെ സാഹിത്യ പരിഷത്ത് അതുപോലെ സാഹിത്യ അക്കാഡമി, പത്രപ്രവർത്തകൻമാർ തുടങ്ങി ഈ മേഖലയിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന ആളുകളം ആരെങ്കിലും ഈ സമ്മേളന പ്രതിനിധികളായി പങ്കെടുത്തിട്ടുണ്ടോ.?

ശ്രീ. ടി. എം. ജേക്കബ് : സാഹിത്യ പരിഷത്തിൻെറ പ്രതിനിധികളം പങ്കെടുത്തില്ല. സാഹിത്യ അക്കാഡമിയുടെ പ്രതിനിധികളം പങ്കെടുത്തിരുന്നു. മാതൃഭൂമി, ദീപിക, കേരളാ ടൈംസ്, ഇൻഡ്യൻ എക്സ്പ്രസ്സ്, ഇല്ലസ്ട്രേറ്റഡ് വീക്കിലി തുടങ്ങി പ്രമുഖമായ ദിനപത്രങ്ങളുടെയും വീക്കിലികളുടെയും പ്രതിനിധികളെ അതാത് പത്രങ്ങളംതന്നെ ഇതിനുവേണ്ടി അയയ്ക്കുകയും ചെയ്തിരുന്നു.

ശ്രീ. ലോനപ്പൻ നംപാടൻ : മലയാള ഭാഷയ്ക്ക് മഹത്തായ സംഭാവന ചെയ്തിട്ടുള്ള ജർമ്മൻകാരായ അർണോസ് പാതിരിയുടേയും ഹെർമൻ ഗുണ്ടർട്ടിൻെറയും കേരളത്തിലെ ഔദ്യോഗിക വസതികളം ഇടിഞ്ഞുപൊളിഞ്ഞ് അവരെ അപമാനിക്കത്തക്കവിധത്തിൽ കിടക്കുന്നത് പുനരുദ്ധരിച്ച് ചരിത്രസ്മാരകങ്ങളാക്കാൻ ഈ സാഹചര്യത്തിലെങ്കിലും സർക്കാർ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ആ ഒരു നിർദ്ദേശം നേരത്തെ തന്നെ ഗവൺമെൻറിൻെറ പരിഗണനയിൽ വരികയും അതിനുള്ള നടപടികളം ഇതിനോടകം തന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ബഹുമാനപ്പെട്ട മന്ത്രി (എച്ച്) ഉത്തരത്തിൽ വിദേശത്തുള്ള മലയാളികളം നടത്തുന്ന സാഹിത്യ സേവനങ്ങളെ പ്രോൽസാഹിപ്പിക്കാനുള്ള നടപടി എടുക്കാൻ തീരുമാനിച്ചു എന്ന് ഇവിടെ പ്രസ്താവിച്ചു. എങ്ങനെയാണ് ഈ പ്രോൽസാഹന നടപടി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ഈ രംഗത്ത് സഹായം ആവശ്യമാണെന്ന് അവർക്ക് തന്നെ തോന്നിയാൽ സാഹിത്യ അക്കാഡമിക്ക് എഴുതാനും സാഹിത്യ അക്കാഡമി അവർക്ക് ആവശ്യമായിട്ടുള്ള നേതൃത്വം കൊടുക്കാനുമാണ് തീരുമാനം എടുത്തിട്ടുള്ളത്.

ശ്രീ. ടി. കെ. ഹംസ : ബർലിനിലേക്ക് പോയിട്ടുള്ള ഡെലിഗേറ്റ്സിൽ നമ്മുടെ ജി. കാർത്തികേയനം താടിയുള്ളതുകൊണ്ട് കസ്റ്റംസ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ പിടിച്ചുകൊണ്ടുപോയി രണ്ടര മണിക്കൂർ നേരം ചോദ്യം ചെയ്തു എന്ന റിപ്പോർട്ട് പത്രത്തിൽ കണ്ടു. അദ്ദേഹത്തിന് വല്ല ആപത്തും പറ്റിയിട്ടുണ്ടോ ? അടിയോ ഇടിയോ കിട്ടിയോ എന്ന് വ്യക്തമാക്കാമോ ? ആളെ ഇപ്പോഴും സയേിൽ കാണാനുമില്ല. ഇതിനെപ്പറ്റി മന്ത്രിക്ക് വല്ല വിവരവുമുണ്ടോ ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. സി. കെ. തങ്കപ്പൻ : ലോക മലയാള സമ്മേളനം ബർലിനിൽ വച്ചു നടക്കുന്ന ഈ മഹാ സംഭവത്തിന്റെ കൺവീനറോ ചെയർമാനോ ബഹുമാനപ്പെട്ട മന്ത്രിയായിരുന്നു എന്ന് പത്രദ്വാരാ ഞാൻ മനസ്സിലാക്കി. ആ സമ്മേളനം നടത്തുന്നതിന് ജർമ്മനിയിലോ ജർമ്മനിക്ക് പുറത്തോ ഉള്ള വ്യക്തികളോ സ്ഥാപനങ്ങളോ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആരൊക്കെയാണ് ? എത്ര സാമ്പത്തിക സഹായം ലഭിച്ചു എന്നു പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : ബർലിനിൽ വച്ചാണ് ഈ സമ്മേളനം നടന്നത്. ബർലിനിൽ ഈ സമ്മേളനം നടന്നത് യൂറോപ്പിലെ ഏറ്റവും വലിയ കോൺഫറൻസ് സെൻറായ ഐ. സി. സി. യിൽ വച്ചാണ്. ഐ. സി. സി. യുടെ വാടക അവിടത്തെ ബർലിൻ സ്റേറ്റ് ഗവൺമെൻറ് നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളതായിട്ടാണ് അതിന്റെ സംഘാടകർ ഞങ്ങളെ അറിയിച്ചിട്ടുള്ളത്. ഞാൻ അത് ഒന്നുകൂടി വ്യക്തമാക്കാം. അദ്ദേഹം ചോദിച്ചത് ആരെല്ലാം സാമ്പത്തിക സഹായം നൽകി എന്നാണ് ? ഞാൻ പറഞ്ഞത് ഈ സമ്മേളനം നടന്നത് യൂറോപ്പിലെ ഏറ്റവും വലിയൊരു കോൺഫറൻസ് സെൻറായ ഐ. സി. സി. യിൽ വച്ചാണെന്നാണ്. ഐ. സി. സി. യുടെ വാടക ബർലിനിലെ ലോക്കൽ ഗവൺമെൻറ് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. മറ്റു യാതൊരു സാമ്പത്തിക സഹായവും ആരും ഇതിനുവേണ്ടി നൽകിയിട്ടില്ല.

ശ്രീ. സിറിയക് ജോൺ : ഈ സമ്മേളനത്തിലേക്ക് ഏറ്റവും പ്രശസ്തരായിട്ടുള്ള, സമ്മാനം നേടിയിട്ടുള്ള കലാകാരൻമാരെയൊക്കെ കൊണ്ടുപോയി എന്നു പറയുന്നുണ്ട്. ആ കലാകാരൻമാരെ ബർലിനു വെളിയിൽ ലണ്ടനിലൊക്കെയുള്ള ചില തീയേറ്ററുകളിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ ടിക്കറ്റ് വച്ച് പ്രദർശിപ്പിച്ചതിന് കിട്ടിയ സംഖ്യ മന്ത്രി അവിഹിതമായി കൈയ്യടക്കി എന്ന പത്രവാർത്തയെ സംബന്ധിച്ചിടത്തോളം മന്ത്രിയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ആദ്യം പറഞ്ഞല്ലോ. നമ്മുടെ പത്രക്കാർക്ക് എന്ത് എഴുതണമെന്ന് അവർക്കുതന്നെ നിശ്ചയമില്ല. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. അടിസ്ഥാന രഹിതമായ ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്. കേരളത്തിലെ സ്കൂൾ യുവജനോൽസവ പരിപാടിയിൽ ഏറ്റവും പ്രശസ്തമായ നിലയിൽ പ്രകടനം കാഴ്ച വച്ച കേരളത്തിന്റെ അഭിമാനഭാജനങ്ങളെ എന്ന് പറയാൻ കഴിയുന്ന കുട്ടികളെ ഇന്ത്യക്ക് പുറത്തു കൊണ്ടുപോയി പരിപാടികൾ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഈ ഗവൺമെൻറിന് അഭിമാനമുണ്ട്. സന്തോഷമുണ്ട്. അങ്ങനെ പോയ ആ പരിപാടിയിൽ ഒരാളുപോലും 10 പൈസപോലും പിരിച്ചിട്ടില്ല. പിരിക്കാനുള്ള യാതൊരു സാഹചര്യവും ഉണ്ടാക്കിയിട്ടില്ല. അടിസ്ഥാനരഹിതമായ ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്. കുട്ടികളുടെ കലാവൈഭവത്തെ പ്രോൽസാഹിപ്പിക്കുന്നതിനുപകരം ഇത്രയും ശ്ലേഷ്മമായ നിലയിൽ സമീപിക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഇവിടെ ശ്രീ. ഭരതന്റെ പേര് കൊടുത്തു. അതു പിൻവലിച്ചതിന്റെ കാരണം ഞാൻ പറയാം ചോദ്യം എന്റെ കൈയ്യിലുണ്ട്. അതിന്റെ പശ്ചാത്തലം പറയണ്ടേ. ലോകമലയാള സമ്മേളനത്തിൽ മലയാളികൾ സമ്മേളനം കൂടിയെങ്കിലും മലയാളം ഉണ്ടായില്ലായെന്ന് നമ്മുടെ ബഹുമാനപ്പെട്ട സാഹിത്യകാരനായ തകഴി ശിവശങ്കരപിള്ള വന്നതിനുശേഷം പ്രസംഗം നടത്തി. ഒരു ബർലിൻ സമാജം അവിടെയുണ്ട്. ആ ബർലിൻ സമാജം ഇവർക്കെതിരായിട്ട് കേസ് കൊടുത്തിരിക്കുകയാണ്. അതേസമയത്തു തന്നെ അഴിമതിക്കും ആരോപണത്തിനും വിധേയമാണ് ഇതിന്റെ കൺവിനറായിട്ടുള്ള കെ. പി. വർഗ്ഗീസ്. മലയാള പത്രങ്ങളിലടക്കം അയാളുടേയും അയാളുടെ ഭാര്യയുടേയും പേരിൽ ആരോപണം വന്നതാണ്. മെഡിക്കൽ കള്ള ബില്ലുകളിൽ വർഗ്ഗീസ് ഒരു പ്രതിയാണ്. ഭാര്യയുടെ പേരിലുണ്ടാക്കിയ വ്യാജ ബില്ല് കേരളത്തിലെ മലയാള മനോരമ പത്രത്തിൽ വന്നതാണ്. ജർമ്മൻ മലയാളികൾ ഇത്തരം അഴിമതി നടത്തുന്നവരെ കൺവീനറാക്കി പണം തട്ടാനും അഴിമതിക്കും. ഒരു സമ്മേളനം നടത്തി, മലയാളം ഇവിടെ നടന്നിട്ടില്ലായെന്ന് തകഴി പറയുമ്പോൾ നടന്നു എന്നാണ് ശ്രീ. ടി. എം. ജേക്കബ് പറയുന്നത്. ഇതിൽ സത്യമായിട്ട് വല്ലതുമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞത് അടിസ്ഥാന രഹിതമായ ആക്ഷേപമാണ്. അവിടെ നടന്ന സമ്മേളനങ്ങൾ മലയാളത്തിൽ തന്നെയാണ് നടന്നത്. മലയാള ഭാഷയെക്കുറിച്ച് തകഴിതന്നെ ആധികാരികമായി പറഞ്ഞു. മലയാള ഭാഷയെസംബന്ധിച്ച് ആധികാരികമായി സംസാരിച്ചത് കേരളത്തിലെ ഏറ്റവും പ്രശസ്തനായ, ഇന്ത്യയിലെ പ്രശസ്തനായ തകഴി തന്നെയാണ്. അദ്ദേഹം അഭിപ്രായം പറഞ്ഞത് എനിക്ക് അറിഞ്ഞുകൂടാ. അവിടെ ഈ സമ്മേളനത്തെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചത് സഖാവിന്റെ പാർട്ടിയിൽപ്പെട്ട ഈസ്റ്റ് ബർലിനിൽ പ്രവർത്തിക്കുന്ന കുഞ്ഞനന്ദൻ നായരാണ്. അദ്ദേഹമാണ് ഇതൊക്കെ എഴുതി അയച്ചിരിക്കുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പൈപ്പ്വെള്ളത്തിൽ രോഗാണുക്കൾ

* 23 [23] ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. എം. അബൂബക്കർ :
,, പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജലവിതരണപദ്ധതികളിൽനിന്നും വിതരണം ചെയ്യുന്ന പൈപ്പ്വെള്ളത്തിൽ രോഗാണുക്കൾ പെരുകുന്നു എന്ന വ്യാപകമായ പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ ഗവൺമെൻറ് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly